ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി 85 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. അപ്രോച്ച് റോഡ്, ഫ്ളോറിംഗ്, ഇലക്ട്രിക്കൽ വയറിംഗ് മുറികളുടെ വേർതിരിക്കൽ, വെള്ളത്തിനു വേണ്ടിയുള്ള പണികൾ എന്നീ ജോലികൾ കൂടി പൂർത്തിയാകാനുണ്ട്.

(ബി) ആവശ്യമായ ഫണ്ട് ലഭ്യമായാൽ 2000-2001 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടമ്പ്രയാറിന് കുറുകെ പാലം

47 (1955) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശു പഞ്ചായത്തിൽ ബ്രഹ്മപുരത്ത് കടമ്പ്രയാറിനു കുറുകെ നബാർഡിന്റെ സഹായത്തോടെയുള്ള നിർദ്ദിഷ്ട പാലംപണിയുടെ പ്രവർത്തനപുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; എന്നത്തേയ്ക്ക് പാലം പണിതുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശ് പഞ്ചായത്തിൽ ബ്രഹ്മപുരം കടമ്പ്രയാറിന് കുറുകെ നബാർഡിന്റെ സഹായത്തോടെ ഗ്രാമവികസന വകുപ്പുവഴി പാലം പണി നടന്നുവരുന്നില്ല.

കലാകാരന്മാർക്ക് പെൻഷൻ

48 (1958) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരന്മാർക്കുള്ള പെൻഷൻ തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം പുതുതായി ആർക്കെങ്കിലും പെൻഷൻ അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കൊക്കെ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly